മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

13.01.2024

മകരവിളക്ക്: ദേവസ്വം ബോർഡിൽ നിന്നും മാധ്യമ പ്രവർത്തകർക്കുള്ള അറിയിപ്പ്

.......

പത്ര-ദൃശ്യ മാധ്യമ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

1.ശബരിമല മകരവിളക്ക് ഉൽസവവുമായി ബന്ധപ്പെട്ട് പത്ര-ദൃശ്യ

മാധ്യമ സ്ഥാപനങ്ങൾ അവരവരുടെ റിപ്പോർട്ടിംഗ് / ലൈവ് എന്നിവക്കായി ശബരിമല സന്നിധാനത്ത് ഡ്യൂട്ടിക്കെത്തിയിട്ടുള്ള / ഡ്യൂട്ടിക്ക് എത്തുന്ന മാധ്യമ പ്രവർത്തകരുടെ പേര് / തസ്തിക എന്നിവയുടെ വിശദാംശങ്ങൾ

ഇന്ന് വൈകുന്നേരം 5 മണിക്ക് മുൻപായി ശബരിമല സന്നിധാനത്ത് പ്രവർത്തിക്കുന്ന പബ്ലിക് റിലേഷൻസ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

2.പി.ആർ.ഒ ഓഫീസിൽ നിന്ന്പൊലീസിന് കൈമാറുന്ന ലിസ്റ്റിൽ പേരുള്ള മാധ്യമ പ്രവർത്തകരെ മാത്രമെ മകരവിളക്ക് ദിവസം റിപ്പോർട്ടിംഗിനും ലൈവ് കവറേജിനുമായി സന്നിധാനത്തേക്ക് പ്രവേശിപ്പിക്കുകയുള്ളൂ :

3. എല്ലാ മാധ്യമ പ്രവർത്തകരും

അവരുടെ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള പ്രസ്സ് / മീഡിയ ഐഡി കാർഡുകൾ ഡ്യൂട്ടി സമയത്ത് നിർബന്ധമായും പുറത്ത്

കാണത്തക്കവിധം ധരിക്കേണ്ടതാണ്.

4. ലൈവ് കവറേജിന് / കവറേജിന് ദൃശ്യമാധ്യമങ്ങളുടെ ക്യാമറകൾ സോപാനത്തിനു സമീപം, തിരുമുറ്റം ,

ഫ്ലൈഓവർ , കൊടിമരത്തിന് ഇരുവശങ്ങൾ എന്നിവിടങ്ങളിൽ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഭക്തർക്ക് തടസ്സം ഉണ്ടാക്കാത്ത വിധം ക്രമീകരിച്ച് ഷൂട്ട് ചെയ്യാവുന്നതാണ്.

5. സോപാനത്തിന് സമീപം (സാറ്റെലൈറ്റ് ചാനലുകൾക്ക് ) ഒരോ പത്ര-ദൃശ്യ മാധ്യമ സ്ഥാപനങ്ങൾക്കും ഒരോ വീഡിയോ/സ്റ്റിൽ ക്യാമറ വീതം മാത്രം ക്രമീകരിച്ച് അനുവദനീയമായ ദൃശ്യങ്ങൾ എടുക്കാവുന്നതാണ്.

6.ഒരു ചാനലിന് ഒന്നിൽ കൂടുതൽ ക്യാമറ സോപാന പരിസരത്ത് അനുവദിക്കുന്നതല്ല

7. ദൃശ്യ മാധ്യമസ്ഥാപനങ്ങൾ അവർക്ക് അനുവദിച്ചിട്ടുള്ള സ്ഥലത്ത് ലൈവ് കൺസോളുകൾ ക്രമീകരിക്കുക.

മകരവിളക്കിന് സുരക്ഷ ഉറപ്പാക്കാൻ അധികമായി 1000 പോലീസ് ഉദ്യോഗസ്ഥർ കൂടി

സന്നിധാനത്ത് ഡി.ജി.പിയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു

ഈ വർഷത്തെ മകരവിളക്ക് ഉത്സവത്തിന് സുരക്ഷ ഉറപ്പാക്കാൻ അധികമായി ആയിരം പോലീസ് ഉദ്യോഗസ്ഥരെ കൂടി നിയോഗിച്ചിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് പറഞ്ഞു. മകരവിളക്കുമായി ബന്ധപ്പെട്ട സുരക്ഷാക്രമീകരണങ്ങൾ വിലയിരുത്താനായി ചേർന്ന അവലോകന യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നാല് എസ്.പി.മാർ, 19 ഡി.വൈ.എസ്.പിമാർ, 15 ഇൻസ്പെക്ടർമാർ അടക്കമാണ് ആയിരം പേരെ അധികമായി നിയോഗിച്ചിരിക്കുന്നത്. സന്നിധാനം, പമ്പ, നിലയ്ക്കൽ, പാണ്ടിത്താവളം തുടങ്ങിയ ഇടങ്ങളിലാണ് അധിക വിന്യാസം.

മകരവിളക്ക് ഉത്സവം സുഗമമായി നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ എല്ലാം പോലീസ് ഒരുക്കിയിട്ടുണ്ട്. മകരവിളക്ക് കഴിഞ്ഞ് മലയിറങ്ങുന്ന ഭക്തർക്കായി കൃത്യമായ എക്സിറ്റ് പ്ലാനാണ് ഒരുക്കിയിരിക്കുന്നത്. മകരവിളക്ക് ദർശനത്തിനായി ഭക്തർ ഒത്തുകൂടുന്ന ഇടങ്ങളിൽ എല്ലാം വെളിച്ചം ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് കൃത്യമായ ഏകോപനത്തോടെയാണ് ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ദേവസ്വം കോംപ്ലക്സിൽ നടന്ന അവലോകന യോഗത്തിനു ശേഷം സന്നിധാനത്തും പരിസരത്തും പോലീസ് മേധാവി സന്ദർശനം നടത്തി സ്ഥിതിഗതികൾ വിലയിരുത്തി. കൊടിമരത്തിനു സമീപത്തും പതിനെട്ടാം പടിയും സന്ദർശിച്ചു. തുടർന്ന് സന്നിധാനത്തു നിന്ന് മാളികപ്പുറത്തേക്കുള്ള നടപ്പാതയും മാളികപ്പുറം ക്ഷേത്രവും സന്ദർശിച്ചു. തുടർന്ന് ശബരിമല തന്ത്രി കണ്ഠരര് മഹേഷ് മോഹനരെയും മേൽശാന്തി പി.എൻ. മഹേഷ് നമ്പൂതിരിയെയും കണ്ടു. തന്ത്രി പ്രസാദം നൽകി പോലീസ് മേധാവിയെ സ്വീകരിച്ചു. മേൽശാന്തി അദ്ദേഹത്തെ പൊന്നാടയണിയിച്ചു. സന്നിധാനത്തെയും പരിസരത്തെയും സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തിയ ശേഷം ഉച്ചയ്ക്ക് ശേഷം അദ്ദേഹം മലയിറങ്ങി.

ദേവസ്വം കോൺഫറൻസ് ഹാളിൽ നടന്ന വാർത്താ സമ്മേളനത്തിൽ ദക്ഷിണ മേഖല ഐ.ജി സ്പർജൻ  കുമാർ, പത്തനംതിട്ട ജില്ലാ പോലീസ് മേധാവി വി.അജിത്, ശബരിമല സ്പെഷ്യൽ ഓഫീസർ എസ്.സുജിത് ദാസ്, എ.എസ്.ഒ ആർ. പ്രതാപൻ നായർ, എസ്.പിമാരായ തപോഷ് ബസുമതാരി, ഷാഹുൽ ഹമീദ് തുടങ്ങിയവർ പങ്കെടുത്തു.

**മകരവിളക്ക് മഹോത്സവം : ഫയർഫോഴ്സിന്റെ 35 സ്ട്രക്ച്ചർ ടീം രംഗത്തുണ്ടാകും**

മകരവിളക്ക് മഹോത്സവത്തിന് സന്നിധാനത്തും മറ്റ് അനുബന്ധ പ്രദേശങ്ങളിലുമായി ഫയർഫോഴ്സിന്റെ 35 സ്ട്രക്ചർ ടീം  രംഗത്ത് ഉണ്ടാകുമെന്ന്  സ്പെഷ്യൽ ഓഫീസർ അരുൺ ഭാസ്കർ പറഞ്ഞു. മകരവിളക്കിന് മുന്നോടിയായി  സിവിൽ ഡിഫൻസ് വൊളണ്ടിയർമാർക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുഴഞ്ഞു വീഴുന്നവരെയും  മറ്റ് ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവരെയും അടിയന്തരമായി ആരോഗ്യ കേന്ദ്രത്തിൽ എത്തിക്കുകയാണ് സ്ട്രക്ചർ ടീമിന്റെ ദൗത്യം. വിവിധ പോയിന്റുകളിൽ 24 മണിക്കൂറും  ഇവർ സജ്ജരായിരിക്കും. സിവിൽ ഡിഫൻസ് വൊളണ്ടിയർമാരെയും ആപ്ത മിത്ര വൊളണ്ടിയർമാരെയും ഉൾപ്പെടുത്തിയാണ് സ്ട്രക്ചർ ടീമിന്റെ പ്രവർത്തനം.

മരക്കൂട്ടം മുതൽ പാണ്ടിത്താവളം വരെ  12 പോയിന്റുകളാണ് ഫയർഫോഴ്സിന് ഉള്ളത്. കൂടുതൽ മുൻകരുതലിന്റെ ഭാഗമായി പാചകവാതകം ഉപയോഗിക്കുന്ന സന്നിധാനത്തെയും പരിസരത്തെയും

ഹോട്ടലുകളിലും ദേവസ്വം അനുബന്ധ സ്ഥാപനങ്ങളിലും ഇതിനോടകം പരിശോധന പൂർത്തിയാക്കി വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഏതെങ്കിലും വിധത്തിൽ തീപിടിത്തം ഉണ്ടായാൽ നേരിടുന്നതിനായി എല്ലാ പോയിന്റുകളിലെയും ഫയർ ഹൈഡ്രന്റുകളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കിയിട്ടുണ്ട്. ഫയർ എക്സ്റ്റിങ്ങ്യൂഷറുകളും സജ്ജമാണ്. മകരവിളക്ക് വ്യൂ പോയിന്റുകളിലും ഫയർഫോഴ്സിന്റെ സേവനമുണ്ടായിരിക്കും.

**ശബരിമലയിലെ ഇന്നത്തെ (14..01.2024)ചടങ്ങുകൾ**

.............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

തുടർന്ന് ബിംബശുദ്ധി ക്രിയകൾ

12 ന് 25 കലശാഭിഷേകം തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് നട അടയ്ക്കും

3 മണിക്ക് നട തുറക്കും

6.30 ന് ദീപാരാധന

തുടർന്ന് പുഷ്പാഭിഷേകം

9.30 ന് അത്താഴ പൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.